ഉത്തരം

കോഴിക്കോട് ജില്ലയിൽ താമരശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ അധീനത യിലുള്ള 75 സെന്റ് സ്ഥലം ജയിൽ സ്ഥാപിക്കുന്നതിനനുയോജ്യമാണെന്ന് കണ്ടെത്തുകയും, ടി സ്ഥലം ഗ്രാമപഞ്ചായത്ത് ജയിൽ വകുപ്പിന് കൈമാറുവാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുമുണ്ട്. മറ്റ് കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

വനഭൂമി കയ്യേറ്റം

230 (T 6380) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമി കയ്യേറാൻ ശ്രമിച്ചതിന് എത്രകേസ്സുകൾ എടുത്തിട്ടുണ്ട് ; ഇതിൽ ഏറ്റവും അധികം കേസ്സെടുത്ത ജില്ല ഏത് ; കേസ്സുകളുടെ എണ്ണം എത്ര ;

(ബി) ആദിവാസികളല്ലാത്തവർ വനം കയ്യേറിയ കേസ്സുകളുടെ എണ്ണവും കയ്യേറ്റഭൂമിയുടെ വിസ്തൃതിയും ജില്ല തിരിച്ച് നൽകുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമി കയ്യേറിയത് സംബന്ധിച്ച കേസ്സുകളിൽ ഭൂമി തിരിച്ചുപിടിക്കാൻ കഴിയാത്ത എത്ര കേസ്സുകൾ നിലവിലുണ്ട് ; ഈ കേസ്സുകളിൽ ഉൾപ്പെട്ടവരുടെ വിലാസവും കയ്യേറിയ സ്ഥലത്തിന്റെ വിസ്തൃതിയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമി കയ്യേറാൻ ശ്രമിച്ചതിന് 220 കേസ്സുകൾ എടുത്തിട്ടുണ്ട്. ഇതിൽ ഏറ്റവും അധികം കേസ്സെടുത്ത ജില്ല പാലക്കാടാണ്. 48 കേസ്സുകൾ.

(ബി)

ജില്ല	കേസ്സുകളുടെ എണ്ണം	വിസ്തൃതി (ഹെക്ടർ)
കണ്ണൂർ	6	2.0835
തൃശ്ശൂർ	2	3.75
പാലക്കാട്	43	54.099
പത്തനംതിട്ട	9	0.431
കൊല്ലം	1	0.202
മലപ്പുറം	4	3.73
ഇടുക്കി	20	57.65

(സി) അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly